# അഖിലേന്ത്യാ ബിഎസ്എൻഎൽ വർക്കിംഗ് വുമൺസ് കോർഡിനേഷൻ കമ്മിറ്റി

അഖിലേന്ത്യാ വർക്കിംഗ് വുമൺസ് കോർഡിനേഷൻ കമ്മിറ്റിയോഗം 30.6.2018 സ. ലതാ കമലേക്കറിന്റെ അദ്ധ്യക്ഷതയിൽ ബാംഗ്ലൂരിൽ ചേർന്നു. കൺവീനർ സ. ഇന്ദിര റിപ്പോർട്ട് അവതരിപ്പിച്ചു. ബിഎസ്എൻഎൽ ഡബ്ല്യുസിസിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും, പുതിയതായി റിക്രൂട്ട് ചെയ്ത ജീവനക്കാരെയും കരാർ തൊഴിലാളികളെയും കമ്മിറ്റിയുമായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കണമെന്നും, സ്ത്രീ ജീവനക്കാരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടണമെന്നും ജനറൽ സെക്രട്ടറി സ. പി അഭിമന്യു അദ്ദേഹത്തിന്റെ അഭിവാദ്യ പ്രസംഗത്തിൽ സൂചിപ്പിച്ചു. കമ്മിറ്റിയംഗങ്ങളെല്ലാം ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. കൺവീനർ സ. ഇന്ദിര ആറുമാസത്തേക്ക് വിദേശത്ത് പോകുന്നതിനാൽ കൺവീനറുടെ ചുമതല ഈ കാലയളവിൽ ജോയിന്റ് കൺവീനർ സ. വി ഭാഗ്യലക്ഷ്മി നിർവഹിയ്ക്കും.
2. അകാലത്തിൽ മരണപ്പെട്ട സ. ജോത്സ്ന മൊകാഷിയുടെ സ്ഥാനത്ത് സ. രേവതി ശ്യാം യാദവിനെ ഉൾപ്പെടുത്തും.
3. സർക്കിൾ/ജില്ലാ തലത്തിൽ ബിഎസ്എൻഎൽ ഡബ്ല്യുസിസിയുടെ കമ്മിറ്റികൾ രൂപീകരിക്കണം.
4. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെ ശക്തമായി ഇടപെടണം.
5. പുതിയതായി റിക്രൂട്ട് ചെയ്ത സ്ത്രീ ജീവനക്കാരെയും കരാർ തൊഴിലാളികളായ സ്ത്രീകളുടെയും പ്രശ്നങ്ങളിൽ ഇടപെടണം.
6. സെപ്തംബർ 5ന് നടക്കുന്ന കർഷക തൊഴിലാളി മാർച്ച് വിജയിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
7. ബിഎസ്എൻഎൽ സംരക്ഷണം, ശമ്പളപരിഷ്ക്കരണം, ടവർ കമ്പനി രൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ ആൾ യൂണിയൻ/ അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭ പരിപാടികളിൽ പരമാവധി സ്ത്രീ ജീവനക്കാരെ പങ്കെടുപ്പിക്കണം.
8. ജോലി സ്ഥലത്ത് സ്ത്രീകൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, 50 വയസ്സ് കഴിഞ്ഞ സ്ത്രീ ജീവനക്കാർക്ക് സ്പെഷ്യൽ ലീവ് തുടങ്ങിയ വിഷയങ്ങൾ ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ മുഖാന്തിരം മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.
9. മൂന്നു മാസത്തിൽ ഒരിക്കൽ കമ്മിറ്റിയംഗങ്ങൾ പ്രവർത്തന റിപ്പോർട്ട് കൺവീനർക്ക് നൽകണം.

യോഗത്തോടനുബന്ധിച്ച് കർണ്ണാടക ഗവൺമെന്റ് സെക്രട്ടറിയേറ്റ് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ വൈസ് പ്രസിഡന്റ് സ. സുധ സുന്ദർരാമൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ ഇന്ന് നേരിടുന്ന വിഷയങ്ങളെ സംബന്ധിച്ച് സഖാവ് ദീർഘമായി സംസാരിച്ചു. ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി പി അഭിമന്യു, ഓർഗ. സെക്രട്ടറി സ. എച്ച് വി സുദർശനൻ എന്നിവർ അഭിവാദ്യം ചെയ്തു. സ. ഇന്ദിര അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കർണ്ണാടക സർക്കിൾ സെക്രട്ടറി സ. ഗുണ്ടണ്ണ സ്വാഗതവും, സ. ലതാ കമലേക്കർ നന്ദിയും രേഖപ്പെടുത്തി. കേരളത്തിൽനിന്ന് മഹിളാകമ്മിറ്റി കൺവീനർ സ. വി ഭാഗ്യലക്ഷ്മിയടക്കം 10 പേർ സെമിനാറിൽ പങ്കെടുത്തു.